(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തീരദേശ പരിപാലന നിയമം നടപ്പിലാക്കിയതിലെ അപാകത

1 (*T1238) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പിലാക്കിയതിലെ അപാകതമൂലം നിർദ്ധന കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നഷ്ടമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) പ്രസ്തുത നിയമം ലഘൂകരിച്ച് തീരദേശവാസികൾക്ക് വീട് വയ്ക്കുന്നതിനുതകുന്ന രീതിയിൽ സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സർക്കാർ ധനസഹായത്തോടു കൂടി ഭവനരഹിതർക്കായി നടപ്പിലാക്കുന്ന പല പദ്ധതികളും തീരദേശം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരദേശ മേഖലയിലെ കെട്ടിട നിർമ്മാണത്തിനു സമർപ്പിക്കുന്ന അപേക്ഷകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ 4-11-2010-ൽ 67370/ആർ.എ1/10/ത.സ്വ.ഭ.വ. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) 2011 - ലെ തീരദേശനിയന്ത്രണ വിജ്ഞാപനം അനുസരിച്ച് ഭവന നിർമ്മാണത്തിന് ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കടൽത്തീരത്ത് വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്റർ വിട്ട്, സമഗ്രമായ അംഗീകൃത പ്ലാനിന്റെ അടിസ്ഥാനത്തിൽ തദ്ദേശവാസികൾക്ക് ഭവനനിർമ്മാണം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളത്തിലെ കായൽദ്വീപുകളിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വിട്ട് ഭവനനിർമ്മാണം അനുവദനീയമാണ്.

സെൻസസ് നടപടികൾ

2 (1239) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത ഘട്ടം സെൻസസ് നടപടികൾ ആരംഭിക്കുന്നത് എന്നാണെന്ന് വെളിപ്പെടുത്തുമോ :

(ബി) സെൻസസ് ജോലികൾക്ക് സർക്കാർ സ്കൂൾ അദ്ധ്യാപകരെ കൂടുതലായി നിയോഗിച്ചിട്ടുള്ള കാര്യം അറിവുണ്ടോ :

(സി) വർഷാവസാനകാല പരീക്ഷകൾ നടക്കുന്ന കാലഘട്ടത്തിൽ ബഹുഭൂരിപക്ഷം സർക്കാർ അദ്ധ്യാപകരും സെൻസസ് ജോലികൾക്ക് നിയോഗിക്കപ്പെടുന്നത് കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly